പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1917 **26-10-2026-ൽ മറുപടിയ്ക്ക്**

ആംനെസ്റ്റി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ജി.എസ്.ടി. വരുന്നതിനു മുൻപ് ഉണ്ടായിരുന്ന കെ.ജി.എസ്.ടി., കെ.വാറ്റ് കാലയളവിലെ നികുതി കുടിശ്ശിക കാരണം പലരും റവന്യൂ റിക്കവറി നടപടികളുമായി നിലവിൽ പ്രയാസപ്പെടുന്നുണ്ടെന്നതും പലർക്കും കുടിശ്ശിക തുക അടയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

2026 ലെ ഫിനാൻസ് ആക്ട് (Kerala Finance Act, 2026) പ്രകാരം 2017-18 സാമ്പത്തിക വർഷം വരെയുള്ള, അമ്പതിനായിരം രൂപ വരെയുള്ള നികുതി കുടിശ്ശികകളും, 2026 ലെ പുതുക്കിയ ബജറ്റിന്റെ അടിസ്ഥാനത്തിൽ പ്രാബല്യത്തിൽ വന്ന Kerala Finance Act (No.3) Act, 2026 പ്രകാരം, 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ, അമ്പതിനായിരം രൂപ മുതൽ രണ്ടു ലക്ഷം രൂപ വരെയുള്ള നികുതി കുടിശ്ശികകളും അവയുടെ പിഴയും പലിശയും അടക്കം (മദ്യ വില്പനയുമായി ബന്ധപ്പെട്ട കുടിശ്ശിക ഒഴികെ) പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ഈ സ്കീമുകൾ 2027 മാർച്ച് 31 വരെ പ്രാബല്യത്തിലുണ്ട്.

(ബി) മുൻ സർക്കാർ കൊണ്ടുവന്ന ആംനെസ്റ്റി എന്ന പദ്ധതി കൊണ്ടു വരാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ, ഇനിയും നികുതി കുടിശ്ശിക അടക്കാൻ ബാക്കിയുള്ള വ്യാപാരികൾക്കായി മൊത്തം നികുതിയുടെ 10% ആക്കി ആംനെസ്റ്റി കൊണ്ടുവരാൻ ആലോചിക്കുമോ; വിശദമാക്കാമോ;

മറുപടി: ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം 2026 ലെ പുതുക്കിയ ബജറ്റ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2026 ലെ kerala Finance (No.3) Act-ലെ ചെറുകിട നികുതി കുടിശ്ശിക എഴുതിത്തള്ളൽ പദ്ധതിപ്രകാരം മുൻകാല നികുതി നിയമങ്ങളായ കേരള സർചാർജ് ഓൺ ടാക്സസ് ആക്ട്, കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ആക്ട്, കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ആക്ട്, കേരള വാല്യു ആഡഡ് ടാക്സ് ആക്ട്, കേന്ദ്ര സെയിൽസ് ടാക്സ് ആക്ട് എന്നിവ പ്രകാരം 2017-18 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലെ അസസ്സ്മെന്റ് ഉത്തരവുകളിൽ ഉൾപ്പെട്ടിട്ടുള്ള, ₹50,000/- ൽ കൂടുതലും ₹2,00,000/- ൽ കവിയാത്തതുമായ നികുതി കുടിശ്ശികകൾ, അതിന്മേലുള്ള പലിശയും പിഴയും ഉൾപ്പെടെ (മദ്യത്തിന്റെ വില്പനയുമായി ബന്ധപ്പെട്ട കുടിശ്ശിക ഒഴികെ) പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ഈ സ്കീമിന് 2027 മാർച്ച് 31 വരെ പ്രാബല്യമുണ്ട്.

(സി) ജി.എസ്.ടി. ഓഡിറ്റിന്റെ 2021 മുതൽ 2026 വരെയുള്ള കണക്ക് ലഭ്യമാക്കാമോ; നികുതിയും പലിശയും ഒപ്പം എത്തുന്ന സാഹചര്യത്തിൽ ജി.എസ്.ടി. ഓഡിറ്റ് രണ്ട് വർഷം കൂടുമ്പോൾ നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

മറുപടി: സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഓഡിറ്റ് വിഭാഗം, വകുപ്പിന്റെ പുന:സംഘടനയുടെ ഭാഗമായി 2023 ജനുവരിയിലാണ് നിലവിൽ വന്നത്. ഓഡിറ്റ് സംബന്ധമായ സമഗ്രമായ പരിശീലനത്തിന് ശേഷം 2024 ജനുവരി മുതലാണ് നികുതിദായകരുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുള്ള നടപടികൾ തുടങ്ങിയത്.

- ഓഡിറ്റിനായി അനുവദിച്ച നികുതിദായകരുടെ എണ്ണം - 3551
- ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച നികുതിദായകരുടെ എണ്ണം - 2548
- പൂർത്തിയാക്കാൻ ബാക്കിയുള്ള നികുതിദായകരുടെ എണ്ണം - 1003
- നിർണ്ണയിക്കപ്പെട്ട ആകെ നികുതി ബാധ്യത - 1542.21 കോടി രൂപ
- സ്വമേധയാ അടച്ച നികുതി - 240.27 കോടി രൂപ

ജി.എസ്.ടി. ഒരു സെൽഫ് അസ്സെസ്മെന്റ് സംവിധാനത്തിൽ അധിഷ്ഠിതമായ നിയമമാണ്. നികുതിദായകൻ ഒരു സപ്ലൈക്കുമേൽ തനിക്ക് ബാധകമായ നികുതി സ്വയം നിർണ്ണയിച്ച് റിട്ടേൺ മുഖേന സർക്കാരിനെ ബോധിപ്പിക്കുകയും നികുതി ഒടുക്കുകയും ചെയ്യുന്നു. അപ്രകാരം സമർപ്പിക്കപ്പെട്ട റിട്ടേണുകളിൽ പൊരുത്തക്കേടുകളോ നികുതി ചോർച്ചയോ നികുതി വെട്ടിപ്പോ ഉണ്ടെന്ന് കണ്ടെത്തുന്നതിനായി റിട്ടേൺ സൂക്ഷ്മപരിശോധന, ഓഡിറ്റ്, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ നടപടികൾ വകുപ്പ് സ്വീകരിക്കുന്നു. എല്ലാ നികുതിദായകരെയും എല്ലാ വർഷവും ഇത്തരം നടപടികൾക്ക് വിധേയരാക്കുന്നത് പ്രായോഗികമല്ലാത്തതിനാലും നിയമത്തിന്റെ ലക്ഷ്യത്തിന് അനുയോജ്യമല്ലാത്തതിനാലും, സാങ്കേതികവിദ്യയുടെ സഹായത്തോടെ സമർപ്പിച്ച റിട്ടേണുകൾ, അനുബന്ധ വിവരങ്ങൾ, മറ്റ് external sources-ൽ നിന്നുള്ള വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 'റിസ്ക് പാരാമീറ്റർ' നിശ്ചയിച്ച് റിസ്ക് സ്കോർ കൂടുതലുള്ള നികുതിദായകരെ വിവിധ നടപടികൾക്കായി തിരഞ്ഞെടുക്കുന്നു. നിയമത്തിലെ സെക്ഷൻ 73, 74, 74A എന്നിവ പ്രകാരം, ഒരു സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി മുതൽ യഥാക്രമം 33 മാസം, 54 മാസം, 42 മാസം എന്നിവയ്ക്കുള്ളിൽ പ്രസ്തുത വർഷവുമായി ബന്ധപ്പെട്ട നികുതിനിർണ്ണയ നോട്ടീസ് നൽകുവാൻ അധികാരമുള്ളതിനാൽ, ഒരു നികുതിദായകനെ റിട്ടേൺ സൂക്ഷ്മപരിശോധന, ഓഡിറ്റ്, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ നടപടികൾക്ക് വിധേയനാക്കുമ്പോൾ, മുൻവർഷങ്ങളിലെ കണക്കുകളും പരിശോധിക്കുകയും നിയമപരമായി നോട്ടീസ് നൽകാവുന്ന കാലയളവുകളിലെ വർഷങ്ങളിലേക്ക് നോട്ടീസ് നൽകുകയും ചെയ്യുന്നു. നിലവിൽ ഓഡിറ്റിനായി നികുതിദായകരെ തിരഞ്ഞെടുക്കുന്നതിന് മൂന്ന് വർഷത്തെ റിസ്ക് സ്കോർ കണക്കാക്കി 'Zone of Consideration' തയ്യാറാക്കി അതിൽ ഉയർന്ന റിസ്ക് സ്കോർ ഉള്ള നികുതിദായകരെ തിരഞ്ഞെടുക്കുന്നു. എന്നാൽ ഓഡിറ്റ് മൂന്ന് വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുന്നതല്ല; മേൽ സൂചിപ്പിച്ച പോലെ നിയമപ്രകാരം ഓഡിറ്റ് നടത്തുവാൻ സാധിക്കുന്ന ഏറ്റവും പഴയ വർഷം മുതൽ റിസ്ക് സ്കോർ കണക്കാക്കുന്നതിനായി പരിഗണിച്ച അവസാന വർഷം വരെയുള്ള കാലയളവിൽ ഓഡിറ്റ് നടത്താവുന്നതാണ്. എന്നിരുന്നാലും, നികുതിദായകന് താൻ ഒടുക്കേണ്ട നികുതിയിൽ കുറവുണ്ടായതായി സ്വയം കണ്ടെത്തുന്നപക്ഷം, നിയമപ്രകാരം ആയത് സ്വമേധയാ ഒടുക്കുന്നതിനും അതുവഴി ബാധകമായ പലിശയിൽ കുറവ് വരുത്തുന്നതിനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ